## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 4821 19.05.2017 -ൽ മറുപടിക്ക്

## ഇ-എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ ടി.വി. ഇബ്രാഹിം | ശ്രീ. ടി.പി. രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ ഇ-എക്സ്ചേഞ്ചുകൾ ആക്കി മാറ്റാൻ പദ്ധതിയുണ്ടോ ; | എ) സംസ്ഥാനത്തെ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും 03-05-2017 മുതൽ ഇ-എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ ആയിക്കഴിഞ്ഞു. www.employment.kerala.gov.in എന്ന വെബ്സൈറ്റ് മുഖേന സേവനങ്ങൾ ലഭ്യമാണ്. |
| ബി) ഉണ്ടെങ്കിൽ ഇതിന് വേണ്ടി ചെയ്ത കാര്യങ്ങൾ വിശദമാക്കാമോ ; | ബി) സംസ്ഥാനത്തെ എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകളിലെ 35 ലക്ഷത്തോളം വരുന്ന ഉദ്യോഗാർത്ഥികളുടെ വിവരങ്ങൾ ഡിജിറ്റലൈസ് ചെയ്യുകയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ കമ്പ്യൂട്ടറൈസ് ചെയ്ത് ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഓൺലൈൻ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി www.employment.kerala.gov.in എന്ന ഓൺലൈൻ പോർട്ടൽ ആരംഭിക്കുകയും ചെയ്തു. |
| സി) ഇ-എക്സ്ചേഞ്ചിലേക്ക് മാറുമ്പോൾ അതിന് വേണ്ട എല്ലാ അടിസ്ഥാന സൗകര്യങ്ങളും ജില്ലാ/മേഖലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ഒരുക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | സി) ഉണ്ട്. സംസ്ഥാനത്തെ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലും കമ്പ്യൂട്ടറുകളും, അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കുകയും ഇലക്ട്രിക്കൽ, നെറ്റ് വർക്കിംഗ് ജോലികൾ നിർവഹിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ എല്ലാ ഓഫീസുകളിലും ഇന്റർനെറ്റ് കണക്ഷനും ലഭ്യമാക്കിയിട്ടുണ്ട്. |

| | |
|---|---|
| ഡി) ഇതിന് വേണ്ടി സർക്കാർ ചെലവാക്കിയ തുക എത്രയെന്ന് വ്യക്തമാക്കാമോ? | ഡി) ഓൺലൈൻ സോഫ്റ്റ് വെയർ വികസിപ്പിക്കുന്നതിനും, വെബ്പോർട്ടൽ വികസിപ്പിക്കുന്നതിനുമായി 56,87,465 രൂപ ചെലവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ